'ഭരണഭാഷ - മാതൃഭാഷ'

## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: അനുപമ റ്റി.വി. IAS)

തിരുവനന്തപുരം

ഉത്തരവ് നമ്പർ: AC2-753/16 തീയതി: 27.02.2017.

===========================================================================

വിഷയം :- സാമൂഹ്യ നീതി ഡയറക്ടറേറ്റ് - വകുപ്പ്തല ആഡിറ്റ് - വനിതാ ഗൃഹനാഥരുടെ കുഞ്ഞുങ്ങൾക്കുള്ള വിദ്യാഭ്യാസ ധനസഹായം - എ.പി.എൽ. വിഭാഗക്കാർക്ക് നൽകിയ തുക തിരികെ ഈടാക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1) ഫിനാൻസ് ഓഫീസറുടെ ആഡിറ്റ് റിപ്പോർട്ട്
2) സ.ഉ.(സാധാ) 322/2014/സാ.നീ.വ. തീയതി. 08.05.2014.
3) സ.ഉ.(സാധാ) 524/2015/സാ.നീ.വ. തീയതി. 18.08.2015.
4) ഈ കാര്യാലയത്തിൽ നിന്നും 20.01.2017-ൽ Regd/AD ആയി ശ്രീ. H. രാമമൂർത്തിയ്ക്കയച്ച AC2/753/16 നം. കത്ത്.
5) ഇടുക്കി ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ 10.02.2017-ലെ എസ്.ഡബ്യു-1/273/17 നം. കത്ത്.

ഇടുക്കി ജില്ലാ സാമൂഹ്യനീതി ഓഫീസിലെ കണക്കുകൾ വകുപ്പുതലത്തിൽ പരിശോധിച്ചപ്പോൾ വനിതാ ഗൃഹനാഥരുടെ കുഞ്ഞുങ്ങൾക്കുള്ള വിദ്യാഭ്യാസ ധനസഹായം വിതരണം ചെയ്തതിൽ എ.പി.എൽ. വിഭാഗത്തിൽപ്പെട്ട ശ്രീമതി. ബിന്ദു വേലായുധൻ, ശ്രീമതി. വൽസമ്മ തോമസ് എന്നിവർക്ക് 13,000/- രൂപ അനർഹമായി നൽകിയതായി കണ്ടെത്തുകയും ഇതു സംബന്ധിച്ച വിശദീകരണം നൽകുവാൻ ഇടുക്കി ജില്ലാ സാമൂഹ്യനീതി ഓഫീസറോടും മുൻ ജില്ലാ സാമൂഹ്യനീതി ഓഫീസറായിരുന്ന ശ്രീ. എച്ച്. രാമമൂർത്തിയോടും ആവശ്യപ്പെട്ടിരുന്നു. ശ്രീ. എച്ച്. രാമമൂർത്തി ഇതു സംബന്ധിച്ച വിശദീകരണം നൽകാത്ത സാഹചര്യത്തിൽ 31.1.2017 നകം മറുപടി ലഭ്യമാക്കിയില്ലെങ്കിൽ പ്രസ്തുത ആൾക്കാർക്ക് അനർഹമായി നൽകിയ 13,000/- രൂപ ശ്രീ. എച്ച്. രാമമൂർത്തിയുടെ ബാദ്ധ്യതയായി നിശ്ചയിക്കുമെന്ന് പരാമർശം (4) പ്രകാരം ശ്രീ. എച്ച്. രാമമൂർത്തിയെ അറിയിച്ചിരുന്നു. ടിയാൻ ഈ കത്തിനും പ്രതികരിച്ചിട്ടില്ല. ആഡിറ്റ് റിപ്പോർട്ടിൽ തടസ്സം ചെയ്തിട്ടുള്ള തുകയുടെ BPL സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ലെന്നും തുക ബാദ്ധ്യതയായി നിശ്ചയിക്കാവുന്നതാണെന്നും പരാമർശം (5) പ്രകാരം ഇടുക്കി ജില്ലാ സാമൂഹ്യനീതി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ നിന്നും വ്യതിചലിച്ച് അനർഹരായവർക്ക് ധനസഹായം നൽകിയ തുകയായ 13,000/- (പതിമൂന്നായിരം രൂപ മാത്രം) രൂപ ശ്രീ. എച്ച്. രാമമൂർത്തി, മുൻ ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ ബാദ്ധ്യതയായി നിശ്ചയിച്ച് ഉത്തരവാകുന്നു.

ബാദ്ധ്യത തുകയായ 13,000/- രൂപ 5 ദിവസത്തിനകം 2235-02-911-99(P)ROP ശീർഷകത്തിൽ ഒടുക്കി ചെലാൻ ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക DCRGയിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

(ഒപ്പ്)

**സാമൂഹ്യനീതി ഡയറക്ടർ**

ശ്രീ. എച്ച്. രാമമൂർത്തി,
ജില്ലാ സാമൂഹ്യനീതി ഓഫീസർ (റിട്ട),
വിഘ്നേശ്വര 5/799 A
ഇടപ്പള്ളി പി.ഒ., എറണാകുളം.

**പകർപ്പ്:-**

1) ജില്ലാ സാമൂഹ്യനീതി ഓഫീസർ, ഇടുക്കി.
2) സൂപ്രണ്ട് 'ഇ' സെക്ഷൻ
3) ഇ2 സീറ്റ്
4) ഡയറക്ടറുടെ സി.എ.
5) സ്റ്റോക്ക് ഫയൽ/സ്പെയർ

**ഉത്തരവിൻ പ്രകാരം**

**സൂപ്രണ്ട്**

AN